# അൽ അദബുൽ മുഫ്റദ്



**ഇമാം** മുഹമ്മദുബ്നു ഇസ്മാഈൽ ബുഖാരിയുടെ ഹദീസ് സമാഹാരമാണ് *അൽ അദബുൽ മുഫ്റദ്.* ഹദീസ് ഗ്രന്ഥങ്ങളിൽ പ്രഥമസ്ഥാനത്തുനിൽക്കുന്ന 'സ്വഹീഹുൽ ബുഖാരി'യെക്കൂടാതെ അദ്ദേഹം തയാറാക്കിയ ഗ്രന്ഥമാണ് *അൽ അദബുൽ മുഫ്റദ്.* സംസ്കാരം, മര്യാദ, സദാചാരം, ശ്രേഷ്ഠസ്വഭാവം എന്നൊക്കെയാണ് *അദബ്* എന്ന അറബി പദത്തിന്റെ അർഥം. ഇത്തരം വിഷയങ്ങളെ സംബന്ധിച്ചുള്ള ഹദീസുകൾ പ്രത്യേകമായി സമാഹരിക്കുകയും അതിന് അൽ അദബുൽ മുഫ്റദ് എന്ന് പേരു നൽകുകയുമാണ് ബുഖാരി ചെയ്തത്. വ്യക്തി-കുടുംബ-സാമൂഹിക ജീവിതത്തിൽ വിശ്വാസി പുലർത്തേണ്ട ഉത്തമസ്വഭാവങ്ങളെ കുറിച്ചുള്ള നബിവചനങ്ങളാണിതിൽ ക്രോഡീകരിച്ചിട്ടുള്ളത്. കർമശാസ്ത്ര വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഹദീസുകൾ ക്രോഡീകരിക്കുമ്പോൾ പൊതുവെ അവഗണിക്കപ്പെടാറുള്ള വിഷയങ്ങൾക്കു മാത്രമായൊരു ഗ്രന്ഥം എന്നതാണിതിന്റെ സവിശേഷത. 'നബി(സ) മഹത്തായ സ്വഭാവത്തിന്റെ ഉടമയാണെന്നും ഉത്തമസ്വഭാവത്തിന്റെ പൂർത്തീകരണാർഥമാണ് അദ്ദേഹം നിയോഗിക്കപ്പെട്ടതെന്നു'മുള്ള പ്രമാണവാക്യങ്ങളെ അന്വർഥമാക്കുന്നുണ്ട് ഇതിലെ ഹദീസുകൾ.

ആയിരത്തി മുന്നൂറിലധികം ഹദീസുകളുണ്ട് അൽ അദബുൽ മുഫ്റദിൽ. പ്രമുഖ ഹദീസ് പണ്ഡിതനായ മുഹമ്മദ് യൂസുഫ് ബിന്നൂരിയ്യ തബ്സ്വിറയിൽ രേഖപ്പെടുത്തിയതനുസരിച്ച് ഇതിലെ പകുതി ഹദീസുകളും സ്വഹീഹുൽ ബുഖാരിയിലെ ഹദീസുകൾ പോലെ ആധികാരികമാണ്. ശേഷിക്കുന്ന ഹദീസുകൾ ഇമാം മുസ്ലിമിന്റെ നിബന്ധനകൾക്കു താഴയേ വരൂ എന്നാണ് ബിന്നൂരിയുടെ വിലയിരുത്തൽ. കുടുംബജീവിതത്തിലും സാമൂഹിക ഇടപെടലുകളിലും പാലിക്കേണ്ട സ്വഭാവങ്ങളും പെരുമാറ്റങ്ങളുമാണ് ഇതിലെ പ്രധാന ഉള്ളടക്കം. 644 അധ്യായങ്ങൾ (അബ്വാബ്) ഉണ്ട്. ഒന്നാം അധ്യായം മാതാപിതാക്കളോടുള്ള ബാധ്യതകളും (ബാബു ഖൗലില്ലാഹിതആലാ വ വസ്സൈനൽ ഇൻസാന ബിവാലിദൈഹി ഹുസ്നാ) അവസാന അധ്യായം വിദ്വേഷം വിനാശമായിക്കൂടാ (ബാബു ലാ യകുൻ ബുഗ്ദുക തലഫൻ) എന്നതുമാണ്.

അൽ അദബുൽ മുഫ്റദിന് ഡോ. ബഹാഉദ്ദീൻ നദ്വി ഒരു മലയാള പരിഭാഷയും വിശദീകരണവും തയാറാക്കിയിട്ടുണ്ട്. 1998-ലാണ് ഇത് പ്രസിദ്ധീകരിച്ചത്. ഹദീസിന്റെ ആശയങ്ങൾ മനസ്സിലാക്കാവുന്ന വിശദീകരണങ്ങളും, ഓരോ ഹദീസും ഏതൊക്കെ ഹദീസ് ഗ്രന്ഥങ്ങളിൽ ഏതെല്ലാം അധ്യായങ്ങളിലാണ് ഉള്ളത് എന്നുമുള്ള വിവരങ്ങൾ പരിഭാഷയിൽ ചേർത്തിട്ടുണ്ട്. കൂടുതൽ പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഇത് ഉപകാരപ്രദമാണ്.